ശ്രീ. കെ. പി. ഗോപാലൻ : പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. പി. ടി. ചാക്കോ : സ്റ്റേറ്റ് ഖാദിബോർഡിൽ, ഈ തുക യിൽ വളരെയധികവും ശമ്പളം ഇനത്തിൽ ചെലവാക്കാൻ ഇടവരത്ത ക്കവിധത്തിൽ ആവശ്യമില്ലാത്തവിധത്തിൽ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതായി പരാതിയുണ്ടോ?

ശ്രീ കെ. പി. ഗോപാലൻ : അങ്ങനെ പരാതിയില്ല. ആവശ്യമുള്ള ഉദ്യോഗങ്ങൾ മാത്രമേ സൃഷ്ടിക്കുന്നുള്ളൂ. ഖാദി കമ്മിഷന്റെ നിർദ്ദേശം അനുസരിച്ചാണ് പല ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുള്ളതു്.

ശ്രീ. പി. ടി. ചാക്കോ : ആകെ ഈ ബോർഡിൽ നിലനിൽക്കുന്ന ഉദ്യോഗങ്ങളിൽ എത്ര ശതമാനം ഇവിടെത്തന്നെ തീരുമാനം എടുത്തു് നിയമിച്ചിട്ടുണ്ടു്? ഖാദികമ്മിഷൻ പറഞ്ഞതനുസരിച്ചു് എത്ര നിയമിച്ചു?

ശ്രീ. കെ. പി. ഗോപാലൻ : തസ്തികവേണമെന്നു നിർദ്ദേശിക്കുന്നതു് ഖാദി കമ്മീഷനാണു്; ആ തസ്തികയിലേക്കു് നിയമനം നടത്തുന്നതു് ഖാദി ബോർഡാണു്; വിശദവിവരങ്ങൾ വേണമെങ്കിൽ പ്രത്യേകം ചോദിച്ചാൽ പറയാം.

ഖാദിയും ഗ്രാമവ്യവസായങ്ങളും.

* 1337. [18] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിക്കും ഗ്രാമവ്യവസായങ്ങൾക്കുമായി ഈ സാമ്പത്തികവർഷം എത്ര തുക നീക്കിവച്ചിട്ടുണ്ടു്;

(ബി) ഈ ഇനത്തിൽ കോട്ടയം ഡിസ്ട്രിക്ടിനു് അനുവദിച്ചിട്ടുള്ള തുക എത്രയാണു്;

(സി) കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിൽ ടി ഡിസ്ട്രിക്ടിനു് അനുവദിച്ച തുകയിൽ എത്രതുക ചെലവായി?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) 44,79,499 രൂപ നീക്കിവച്ചിട്ടുണ്ടു്.

(ബി) 4,90,803 രൂപ അനുവദിച്ചിട്ടുണ്ടു്.

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ, ഈ ഇനത്തിൽ കോട്ടയം ഡിസ്ട്രിക്ടിനു് 1,36,839 രൂപ ചെലവായിട്ടുണ്ടു്.

ശ്രീ. എം. സി. ഏബ്രഹാം : കോട്ടയം ഡിസ്ട്രിക്ടിൽ തുക വളരെ കുറഞ്ഞുപോകാൻ കാരണമെന്തു്?

ശ്രീ. കെ. പി. ഗോപാലൻ : അവിടെ ഖാദിബോർഡിന്റെ പ്രവർത്തനം മുമ്പോട്ടു് നീങ്ങിവരുന്നതേയുള്ളൂ. ഇപ്പോൾ മാത്രമേ സഹകരണസംഘങ്ങൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ.

ശ്രീ. എം. സി. ഏബ്രഹാം : അമ്പലപ്പുഴ ഡിസ്ട്രിക്ടിലെ ഖാദിബോർഡു് ചെയർമാൻതന്നെ, കോട്ടയം ഡിസ്ട്രിക്ടിലും ചെയർമാനായിരിക്കുന്നതുകൊണ്ടല്ലേ അവിടെ തുക കൂടുതൽ ചെലവാക്കാൻ കഴിഞ്ഞിട്ടുള്ളതു്?

ശ്രീ കെ. പി. ഗോപാലൻ : അങ്ങനെയല്ല; രണ്ടു ജില്ലകളിലെ ചെയർമാനായി ഒരാൾതന്നെ ഇരിക്കുന്ന മറ്റൊരിടത്തു് തുക കൂടുതൽ ചെലവു ചെയ്യാൻ സാധിച്ചിട്ടുണ്ടു്. അവിടെ ഇപ്പോൾ മാത്രമാണു് ഇതുസംബന്ധിച്ച പ്രവർത്തനം മുൻപോട്ടുവന്നിട്ടുള്ളതു്. അതിന്റെ അടിസ്ഥാനത്തിലാണു് തുക കുറഞ്ഞു പോയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുഗതൻ : ഓരോ ജില്ലയിലും ഉൽപ്പാദിപ്പിക്കുന്ന ഖാദിയുടെ വിലയും, അവിടെയുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളനിരക്കും തമ്മിലുള്ള അനുപാതം ഗവണ്മെൻറ് പരിശോധിച്ചുനോക്കിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കഴിഞ്ഞ സാമ്പത്തികവർഷത്തിൽ, പല ജില്ലകളിലും ഖാദിബോർഡു് മാച്ചു് ഇൻഡസ്ട്രീസു് സൊസൈറ്റികൾ ആരംഭിച്ചതു് ഈ കൊല്ലം നിറുത്തലാക്കിയതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇല്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : രണ്ടു ബോർഡിൽ ഒരേ ചെയർമാനെത്തന്നെ നിയമിക്കുന്നതിൻെറ പ്രത്യേക സൗകര്യം എന്താണു് ?

ശ്രീ. കെ. പി. ഗോപാലൻ : ഖാദിബോർഡു് രൂപവൽക്കരിച്ച സമയത്തു് നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ സ്ഥാപനമായതുകൊണ്ടു് സംഘടന ശക്തിപ്പെടുത്തുന്നതിനുവേണ്ടി, ഖാദിബോർഡു മെമ്പറന്മാർ തന്നെ രണ്ടു ജില്ലയിൽ ഒരാളായാലും ചെയർമാൻ ആയിരിക്കാം എന്ന ഒരു തീരുമാനം എടുത്തിരുന്നു. അതനുസരിച്ചാണു് അങ്ങനെചെയ്തിട്ടുള്ളതു്.

ശ്രീ. കെ. ഭാർഗ്ഗവൻ : ഖാദിബോർഡു പ്രവർത്തനം ആരംഭിച്ചു് കഴിഞ്ഞസ്ഥിതിക്കു് ആ സമ്പ്രദായം മാറ്റരുതോ ?

ശ്രീ. കെ. പി. ഗോപാലൻ : അതിനെക്കുറിച്ചു് ആലോചിക്കാം.

ശ്രീ. പി. ടി. ചാക്കോ : ഖാദിബോർഡു് രൂപവൽക്കരിക്കുന്നതിനുമുൻപും, ഈ ഗവണ്മെൻറു് അധികാരത്തിൽ വരുന്നതിനുമുൻപും, ഖാദികമ്മിഷൻെറ സർട്ടിഫിക്കറ്റുവാങ്ങി ആരംഭിച്ചിട്ടുള്ള പല സ്ഥാപനങ്ങളെയും ഈ ഗവണ്മെൻറും, ഖാദിബോർഡും അങ്ങേയറ്റം നിരുത്സാഹപ്പെടുത്തുകയും, ശത്രുമനോഭാവത്തോടുകൂടി വീക്ഷിക്കുകയും ചെയ്യുന്നതായി ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു വളരെ തെറ്റായ ഒരു പ്രസ്താവനയാണു് ; ഏകദേശം അറുനൂറോളം സംഘങ്ങൾ ഇന്നു് ഗ്രാൻറും ലോണും വാങ്ങി ഖാദിബോർഡിൻെറ കീഴിൽ പ്രവർത്തിക്കുന്നതിനെയെല്ലാം ബോർഡിൻെറ കീഴിൽ കൊണ്ടുവരണമെന്നാണു് ആ ഗ്രഹിക്കുന്നതു്. നേരേമറിച്ചു് ഖാദികമ്മിഷനിൽനിന്നും കിട്ടുന്ന പണം ഇഷ്ടംപോലെ ചെലവാക്കാൻ ചില പ്രത്യേക താത്പര്യക്കാർ ഖാദിബോർഡിൽനിന്നും ആനുകൂല്യം ലഭിക്കാൻ ശ്രമിക്കുന്നുണ്ടു്. അവക്കു് ആ ആഗ്രഹം സാധിക്കാതെ വരുമ്പോൾ ഇത്തരം ചില ആരോപണങ്ങളും പൊന്തിവരാറുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയുള്ള സ്ഥാപനങ്ങൾ എല്ലാംതന്നെ ഖാദിബോർഡിൻെറ കീഴിലാക്കണമെന്ന നിർദ്ദേശം ഈ ഗവണ്മെൻറു് ഖാദികമ്മിഷനു് സമർപ്പിച്ചതാണോ ?

ശ്രീ. കെ. പി. ഗോപാലൻ : ഈ ഗവണ്മെൻറിനുമാത്രമല്ല, മറ്റു സ്റ്റേറ്റുകളിലും ഇതുപോലെ ഒരഭിപ്രായം ഉണ്ടായിട്ടുണ്ടു്. അതൊരു നല്ല അഭിപ്രായമാണെന്നാണു് ഗവണ്മെൻറു് കരുതുന്നതു്.

ശ്രീ. പി. ടി. ചാക്കോ : ഈ ചോദ്യത്തിനുത്തരമായി, കോട്ടയം ഡിസ്ട്രിക്ടിൽ ഇതു സംബന്ധിച്ച പ്രവർത്തനം ഇല്ലായിരുന്നുവെന്നു് പറഞ്ഞു. ഖാദിബോർഡു് നിലവിൽവരുന്നതിനുമുമ്പുതന്നെ, കോട്ടയം ഡിസ്ട്രിക്ടിൽ ഖാദിപ്രവർത്തനം നിലവിലിരുന്നുവെന്നും, 'കോട്ടയം ഖാദി ഇൻഡസ്ട്രീസു്' എന്ന പേരിൽ ഒരു അസോസിയേഷൻ അവിടെ പ്രവർത്തിച്ചിരുന്നുവെന്നും അറിയാമോ ; ആ സംഘത്തിനു് ഖാദിബോർഡു് എന്തെങ്കിലും ഇക സഹായധനമായി നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം. ഖാദിബോർഡിനെസംബന്ധിച്ചിടത്തോളം യാതൊരു വിവേചനവും ഈ കാര്യത്തിൽ കാണിക്കുന്നില്ലെന്നുള്ള വസ്തുത ഇവിടെ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നു. നേരേമറിച്ച്, നമ്മുടെ സ്റ്റേറ്റിൽ 1950–മുതൽ 1955–വരെ 44 സ്ഥാപനങ്ങൾക്ക് ഖാദിബോർഡ് അൻപത്തൊമ്പതിനായിരം രൂപ ലോണായും ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്. ആ പണം വേണ്ടരീതിയിൽ ചെലവുചെയ്യണമെന്നു ഖാദിബോർഡിനു താത്പര്യമുണ്ട്. അങ്ങനെ ചെലവുചെയ്യാത്ത സ്ഥാപനങ്ങളെസംബന്ധിച്ചിടത്തോളം ഈ തരം വീഴ്ചകൾ പരിഹരിക്കുന്നതിനു ബോർഡു ശ്രമിക്കുന്നുണ്ടെന്നു മാത്രമേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അറിയിക്കാനുള്ളൂ.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ വിവരം പ്രതിപക്ഷനേതാവിനെ മാത്രം അറിയിച്ചാൽ മതിയോ ; ഞങ്ങൾക്കുകൂടി അറിയേണ്ടതല്ലേ ? (ചിരി)

ശ്രീ. പി. ടി. ചാക്കോ : എല്ലാ സ്ഥാപനങ്ങളും ഖാദിബോർഡിന്റെ കീഴിൽകൊണ്ടുവരുന്നതിനു ഈ ഗവണ്മെന്റു ഖാദികമ്മീഷനു നിർദ്ദേശം നൽകിയിട്ടുണ്ടെന്നു പറഞ്ഞു. സ്വതന്ത്രസ്ഥാപനങ്ങളോട്, അവയുടെ അഭിപ്രായം ആരാഞ്ഞിട്ടാണോ, ആ സ്ഥാപനങ്ങളെ, ഈ ഗവണ്മെന്റിന്റെ ഒരു ഉപകരണമായിരിക്കുന്ന സ്റ്റേറ്റു ബോർഡിന്റെ കീഴിൽ തെക്കിതെക്കാല്ലാൻ ഏല്പിക്കുന്നതു ?

മി സ്പീക്കർ : 'തെക്കിതെക്കാല്ലാൻ' എന്ന സൂചന അനുവദിക്കുന്നില്ല.

ശ്രീ. പി. ടി. ചാക്കോ : അല്ലുവേണ്ട ; സ്വതന്ത്രസ്ഥാപനങ്ങളോട് അഭിപ്രായം ആലോചിക്കുകയുണ്ടായോ ?

ശ്രീ. കെ. പി. ഗോപാലൻ : ഈ കാര്യം സ്വതന്ത്രസ്ഥാപനങ്ങളോട് ആലോചിച്ചിട്ടില്ല എന്ന കാര്യം ശരിയാണു. സ്വതന്ത്രഖാദി സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ പ്രതിനിധികളായി സർവ്വശ്രീ കേളപ്പൻ, ഇക്കണ്ടവാരിയർ, ജനാർദ്ദനൻ പിള്ള എന്നിവർ ബോർഡിലുണ്ടെന്നുണ്ട്. അവരുടെയും അഭിപ്രായം ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : ഖാദികമ്മീഷന്റെ ചെയർമാൻ, കേരള ഖാദിബോർഡിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ, അഭിപ്രായം രേഖപ്പെടുത്താറുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : പരിശോധിക്കാറുണ്ട് ; അഭിപ്രായം പറയാറുമുണ്ട്. ഇവിടത്തെ ഖാദിബോർഡിന്റെ പ്രവർത്തനം വളരെ നല്ല നിലയിൽ നടത്തുന്നതിനു വേണ്ട എല്ലാ നടപടികളും ബോർഡു സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : ഖാദി കമ്മീഷനിൽനിന്നും നിർബാധമായ ഗ്രാന്റുവാങ്ങിക്കൊണ്ടിരിക്കുന്ന ചില സ്വതന്ത്ര സ്ഥാപനങ്ങൾക്കു പണ്ടത്തെപ്പോലെ ഗ്രാന്റു കിട്ടുന്നില്ല എന്നൊരു ആവലാതി ഗവണ്മെന്റിന്റെ മുൻപിൽ വന്നിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ ആവലാതി ഉണ്ടായിട്ടില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : ഗവണ്മെന്റിന്റെ സഹായധനം വാങ്ങുകയും, യാതൊരു നിയന്ത്രണവും കൂടാതെ തോന്നിയപോലെ ചെലവഴിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളല്ലേ സ്വതന്ത്രസ്ഥാപനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നതു ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ പറയാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : കോട്ടയം ജില്ലയിലും, ആലപ്പുഴ ജില്ലയിലും ഒരാൾതന്നെ ചെയർമാനായിരിക്കുന്നതിനുകാരണമായി പറഞ്ഞതു് ഖാദി പ്രവർത്തനത്തിൽ കൂടുതൽ പരിചയമുള്ളതിന്റെ അടിസ്ഥാനത്തിലാണെന്നാണു്. അവിടത്തെ ചെയർമാൻ ഖാദിയുമായിട്ടോ, വില്ലേജു പ്രവർത്തനങ്ങളുമായിട്ടോ യാതൊരു ബന്ധവുമില്ലാത്ത ആളാണെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഖാദി പ്രവർത്തനവും, വില്ലേജു പ്രവർത്തനവുമായി യാതൊരു ബന്ധവുമില്ലാത്തയാളാണെന്നു പറയുന്നതു ശരിയല്ല. ഖാദിപ്രവർത്തനത്തിൽ വളരെ നല്ലപോലെ, ഖാദിബോർഡു മെമ്പറായിരിക്കുമ്പോൾ പ്രവർത്തിച്ചിട്ടുണ്ടെന്നു ബോദ്ധ്യമുള്ളയാളാണു് അദ്ദേഹം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ആളിന്റെ ലക്ഷണം പലതും പറഞ്ഞല്ലോ ; ആളിന്റെ പേരുകൂടി പറയാമോ ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഖാദിബോർഡു് ആദ്യമായിചേർന്ന യോഗത്തിൽ, ഖാദിബോർഡിലെ മെമ്പറന്മാരെങ്കിലും ഖദർ ധരിക്കണമെന്നു് അഭിപ്രായപ്പെടത്തക്കവണ്ണം ഖാദിധരിക്കാതെ സംബന്ധിച്ചിരുന്ന ഒരു മെമ്പറാണു് പ്രസ്തുത ചെയർമാൻ എന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു ശരിയല്ല ; ഖാദിബോർഡു മെമ്പറന്മാർ എല്ലാവരും ഖദർധരിക്കുന്നവരാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ആലപ്പുഴ ചെയർമാൻ, ഖാദിധരിക്കുന്നതു് ഒരു ആപത്തായിരുന്നകാലത്തും ഒരു ഖദർധാരി ആയിരുന്നുവെന്ന വസ്തുത അറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അറിയാം.

Starch Factory.

* 1338. [19] **Shri A. Kunjukrishnan :** Will the Minister for Industries be pleased to state:

(a) whether any private agency has applied to the Government for permission to start a starch factory at a certain place in Quilon District; and

(b) if so, will the Government be pleased to take a decision on the application at an early date?

Minister for Industries (**Shri K. P. Gopalan**):

(a) No.
(b) Does not arise.

അനധികൃതമായ വനംകയ്യേറ്റം.

* 1339. [20] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റിസർവ്വു വനങ്ങളിൽ, 26-4-1957-നു ശേഷം അനധികൃതമായി പ്രവേശിച്ചതിനു ഡിപ്പാർട്ടുമെന്റിൽനിന്നും എത്രപേരുടെ പേരിൽ എവിക്ഷൻ നടപടി സ്വീകരിച്ചിട്ടുണ്ടു് ;

(ബി) അങ്ങനെ ഡിപ്പാർട്ടുമെന്റിൽനിന്നും ഇറക്കിവിട്ട എത്രപേർക്കു് ഗവണ്മെന്റിൽനിന്നും സ്റ്റേ കൊടുത്തിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly